"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - എയ്ഡഡ് സ്കൂൾ - ജീവനക്കാര്യം - പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3807/2026/GEDN തീയതി,തിരുവനന്തപുരം, 05-06-2026

പരാമർശം:-
1. പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂൾ മാനേജർ സമർപ്പിച്ച 29/09/2025-ലെ റിവിഷൻ ഹർജി.
2. തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/11/2025-ലെ DEOTVL/2343/2025-B2 നമ്പർ കത്ത്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/11/2025-ലെ ഇ.റ്റി.3/22731/2025/ഡിജിഇ നമ്പർ കത്ത്.
4. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 24/11/2025-ലെ DDEPTA/3505/2025-B3 നമ്പർ കത്ത്.

**ഉത്തരവ്**

പത്തനംതിട്ട വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ 2018-19 മുതൽ നടത്തിയ ഫ്രഷ് നിയമനാർത്ഥികളെ നിയമനം നടത്തിയ സീനിയോറിട്ടി പ്രകാരം തസ്തികകൾ അനുവദിച്ചതിനനുസരിച്ചും ഒഴിവുകൾ ഉണ്ടായതിനനുസരിച്ചും പുനഃക്രമീകരിക്കണമെന്ന നിർദ്ദേശത്തിനെതിരെ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജിയിന്മേൽ 24/11/2025 തീയതിയിൽ വാദം കേട്ടു.

2.മാനേജരുടെ വാദം ചുവടെപ്പറയും പ്രകാരമാണ്.

"തിരുവല്ല വിദ്യാഭ്യാസ ജില്ലയിൽ ഉൾപ്പെട്ട എയ്ഡഡ് വിദ്യാലയമായ വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ സ്റ്റാൻഡേർഡ് അഞ്ചു മുതൽ 10 വരെ ക്ലാസുകൾ പ്രവർത്തിക്കുന്നുണ്ട്. 2018-19 വർഷം വള്ളംകുളം നാഷണൽ ഹൈസ്കൂളിന്റെ ഹൈസ്കൂൾ വിഭാഗത്തിൽ 2 അധിക ഡിവിഷനുകൾക്കും അനുബന്ധ തസ്തികകൾക്കും സ്കോപ്പുണ്ടായിരുന്നു. എന്നാൽ പുതിയതായി നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന് യഥാസമയം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നല്കിയിരുന്നില്ല. തിരുവല്ല ജില്ല വിദ്യാഭ്യാസ ഓഫീസർ 2018-19 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവിൽ അധിക തസ്തികകൾ അനുവദിക്കാതെ മുൻവർഷം നിലനിന്ന തസ്തികകൾ മാത്രം അനുവദിച്ചിരുന്നു. തുടർന്ന് 30/12/2021-ലെ എ2/30/2021/പൊവിവ നമ്പർ കത്ത് പ്രകാരം സർക്കാർ നല്കിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂൾ കെട്ടിടത്തിന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് കൗണ്ടർസൈൻ ചെയ്ത തീയതി മുതൽ 2018-19 വർഷം അനുവദിക്കുവാനുള്ള

അധിക ഡിവിഷനുകളും തസ്തികകളും 03/09/2019 പ്രാബല്യത്തിൽ അനുവദിക്കുവാൻ സർക്കാർ നിർദ്ദേശിച്ചു. ഇതനുസരിച്ച് തിരുവല്ല ജില്ല വിദ്യാഭ്യാസ ഓഫീസർ 2018-19 വർഷത്തെ തസ്തിക നിർണ്ണയം റിവൈസ് ചെയ്ത് യു.പി. വിഭാഗത്തിൽ 11 ഡിവിഷനുകളും ഹൈസ്കൂൾ വിഭാഗത്തിൽ 14 ഡിവിഷനുകളും അനുവദിച്ചു. ഇപ്രകാരം എച്ച്.എസ്.റ്റി. (ഫിസിക്കൽ സയൻസ്), എച്ച്.എസ്.റ്റി. (എസ്.എസ്.), എച്ച്.എസ്.റ്റി. (മലയാളം) എന്നീ തസ്തികകൾ ഹൈസ്കൂൾ വിഭാഗത്തിലും യു.പി. വിഭാഗത്തിൽ ഒരു എൽ.ജി. സംസ്കൃതം തസ്തികയും അധിഷണലായി അനുവദിച്ചു. 2018-19 വർഷം അധിക തസ്തികകൾ അനുവദിക്കും എന്ന പ്രതീക്ഷയിൽ ഹൈസ്കൂൾ വിഭാഗത്തിൽ അനുവദിച്ച തസ്തികകളിൽ ചട്ടം 43 അവകാശികളെ സ്ഥാനകയറ്റം നല്കി നിയമിച്ചതിനുശേഷം ചുവടെ പേരു ചേർക്കുന്ന അദ്ധ്യാപകരെ യു.പി.എസ്.റ്റി.മാരായി ഫ്രഷ് ആയി നിയമിച്ചു. ഫ്രഷ് ആയി നിയമിച്ച യു.പി.എസ്.റ്റി. മാർക്കാർക്കും മുൻകാല അംഗീകൃത സർവ്വീസ് ഉണ്ടായിരുന്നില്ല.

1. അഞ്ജു എൻ.പിള്ള, യു.പി.എസ്.റ്റി. സ്ഥാനകയറ്റ ഒഴിവ് നിയമന തീയതി 01/06/2018 നിയമനം അംഗീകര പ്രാബല്യ തീയതി 03/09/2019.
2. ജിഷ്ണു രാജ് പി., യു.പി.എസ്.റ്റി. സ്ഥാനകയറ്റ ഒഴിവ് നിയമന തീയതി 01/06/2018 നിയമനാംഗീകര പ്രാബല്യ തീയതി 03/09/2019.
3. ഐശ്വര്യ നായർ, യു.പി.എസ്.റ്റി. റിട്ടയർമെന്റ് വേക്കൻസി നിയമന തീയതി 06/06/2019 നിയമനാംഗീകാര പ്രാബല്യ തീയതി 06/06/2019.
4. ഗായത്രി ദേവി, യു.പി.എസ്.റ്റി. സ്ഥാനകയറ്റ ഒഴിവ്, നിയമന തീയതി 15/07/2019 നിയമനാംഗീകാര പ്രാബല്യ തീയതി 03/09/2019.
5. നന്ദന ജയറാം, യു.പി.എസ്.റ്റി. അഡീഷണൽ വേക്കൻസി 2019-20 നിയമന തീയതി 15/07/2021 നിയമനാംഗീകാരമായിട്ടില്ല.

പരാതിക്കാരായ അഞ്ജു എൻ. പിള്ളയുടെയും ജിഷ്ണു രാജ് പി. യുടെയും ആവശ്യം അംഗീകരിച്ച് ലാവണം പുനഃക്രമീകരിക്കുവാൻ അനുബന്ധം 04 ഉം 05 ഉം കത്തുകൾ പ്രകാരം നല്കിയ നിർദ്ദേശം ചുവടെ ചേർക്കുന്ന കാരണങ്ങളാൽ ചട്ടവിരുദ്ധവും നിലനില്ക്കാൻ പാടില്ലാത്തതുമാണ്.

പരാതിക്കാരായ അഞ്ജു എൻ. പിള്ളയും ജിഷ്ണുരാജ് പി. ഉം വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ 01/06/2018 ന് മുമ്പ് നിയമനത്തിൽ ഏതെങ്കിലും തരത്തിൽ മുൻഗണന ഉണ്ടായിരുന്നില്ല. 01/06/2018 ന് മുമ്പ് അവർക്ക് അംഗീകൃത സർവ്വീസ് ഒരു കാറ്റഗറിയിലും ഇല്ല. 2018-19 വർഷം പ്രതീക്ഷിച്ച അധിക തസ്തിക യഥാസമയം അനുവദിച്ചിരുന്നു എങ്കിൽ 15/07/2018 ൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ. തസ്തിക ഇല്ലാതിരുന്ന കാലഘട്ടത്തിൽ സേവനം അനുഷ്ഠിച്ചതിന് യാതൊരു സർവ്വീസ് ആനുകൂല്യവും ലഭിക്കുവാൻ കേരള വിദ്യാഭ്യാസ ചട്ടത്തിലോ നിലവിലുള്ള സർക്കാർ ഉത്തരവുകളിലോ വ്യവസ്ഥയില്ല. സീനിയർ അപ്പോയിന്റീ എന്ന ഒരു ടേം കേരള വിദ്യാഭ്യാസ ചട്ടത്തിലുമില്ല. കേരള വിദ്യാഭ്യാസ ചട്ടത്തിന്റെ അദ്ധ്യായം XIV A ചട്ടം 37 അനുസരിച്ചാണ് സീനിയോറിട്ടി നിശ്ചയിക്കുന്നത്. ചട്ടം 37 ചുവടെ ചേർക്കുന്നു.

37 (1) Seniority of a teacher in any grade in any unit shall be decided with reference to the length of continuous service in that grade in that unit provided he is duly qualified for the post.

Provided further that the period of service rendered in the parent school or in

another school by a teacher who is relieved under rule 52, shall be reckoned for seniority on his reappointment to the parent school.

(2) In the case of teachers in the same grade in the same unit whose date of commencement of continuous service is the same, seniority shall be decided with reference to the date of first appointment. If the date of first appointment is also the same, seniority shall be decided with reference to age, the older the senior.

ചട്ടത്തിൽ approved service എന്നാൽ അംഗീകൃത സർവ്വീസ്. സീനിയറായി നിയമിക്കപ്പെട്ടവരുടെ നിയമനങ്ങൾ നിയമന തീയതി മുതൽ അംഗീകരിക്കാതെ മറ്റൊരു തീയതിയിലേക്ക് മാറ്റി അംഗീകരിച്ചാൽ നിയമനം നടത്തിയ സീനിയോറിട്ടിയുടെ അടിസ്ഥാനത്തിൽ സർവ്വീസും നിയമനവും പുനഃക്രമീകരിക്കുവാനുള്ള വ്യവസ്ഥയും കേരള വിദ്യാഭ്യാസ ചട്ടത്തിലോ നിലവിലുള്ള സർക്കാർ ഉത്തരവുകളിലോ ഇല്ല. ദിവസവേതനത്തിൽ നിയമനം നടത്തുന്നവർക്കും ഭാവിയിലെ നിയമനത്തിലോ അല്ലെങ്കിൽ നിലവിലുള്ള ഒഴിവുകളിലോ മുൻഗണനാവകാശവും ഇല്ല. നിയമനത്തിൽ മുൻഗണനാവകാശം ഇല്ലാത്തവർക്ക് അവരവരെ നിയമിക്കപ്പെട്ട ഒഴിവുകൾ സ്ഥാപിയ്ക്കപ്പെടുന്ന മുറയ്ക്കോ അല്ലെങ്കിൽ സ്ഥാപിയ്ക്കപ്പെട്ട മറ്റൊരു ഒഴിവിൽ മാറ്റി മാനേജർ നിയമിക്കുമ്പോൾ മാത്രമേ അംഗീകാരം നല്കുന്ന കാര്യം പരിശോധിക്കേണ്ടതുള്ളൂ. ഫ്രഷ് ആയി നിയമിക്കുന്നവരെ ഏതേതു വേക്കൻസിയിൽ നിയമിക്കണമെന്ന് തീരുമാനിക്കുന്നത് മാനേജരാണ്. അതിൽ ജില്ല വിദ്യാഭ്യാസ ഓഫീസറോ വിദ്യാഭ്യാസ ഉപഡയറക്ടറോ ഇടപെടാൻ പാടില്ലാത്തതാണ്.

പരാതിക്കാരായ അഞ്ജു എൻ. പിള്ളയും ജിഷ്ണു രാജ് പി. യും യഥാക്രമം അപർണ്ണ പി. യുടെയും സിന്ധു കെ.എസ്. ന്റെയും സ്ഥാനകയറ്റ ഒഴിവുകളിൽ 01/06/2018 മുതൽ യു.പി.എസ്.റ്റി. ആയി നിയമനം ലഭിച്ച സർവ്വീസിൽ തുടർന്നുവരവെയാണ് ശ്രീമതി ഐശ്വര്യ നായരെ 06/06/2019 മുതൽ ശ്രീമതി എൻ. ഉഷാകുമാരിയുടെ വിരമിക്കൽ ഒഴിവിൽ നിയമിക്കുന്നത്. ഈ നിയമനം 06/06/2019 മുതൽ അംഗീകരിക്കുകയും ചെയ്തു. നിയമനാംഗീകാരമാകാതെ നിലനിന്നിരുന്ന പരാതിക്കാരായ ശ്രീമതി അഞ്ജു എൻ. പിള്ളയോ ശ്രീ. ജിഷ്ണു രാജ് പി.യോ വിരമിക്കൽ ഒഴിവിൽ മാറ്റി നിയമിക്കണം എന്ന ഒരു അവകാശവാദം ഉന്നയിച്ചിരുന്നില്ല. 06/06/2019 മുതൽ ശ്രീമതി ഐശ്വര്യ നായരുടെ നിയമനം അംഗീകരിച്ചതിനെതിരെ ഒരു പരാതിയും പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് യഥാസമയം നല്കി കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം 14 എ യുടെ ചട്ടം 8എ പാലിക്കുവാൻ ഒരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. പ്രസ്തുത ആവശ്യം 03/09/2024 ൽ മാത്രമാണ് ഉന്നയിക്കുന്നത്. അതായത് യഥാസമയം പരാതി ഉന്നയിക്കാതെയും ബന്ധപ്പെട്ട അധികാരികൾക്ക് കേരള വിദ്യാഭ്യാസ ചട്ടപ്രകാരം നിശ്ചിയിച്ചിട്ടുള്ള സമയം പരിധി പാലിച്ച് അപ്പീൽ സമർപ്പിക്കാതെയും കാലം കഴിഞ്ഞ് ഉന്നയിക്കുന്ന ആവലാതികൾ ചട്ടപ്രകാരം നിലനില്ക്കുന്നതല്ല.

പരാതിക്കാരുടെ പരാതി ചട്ടപ്രകാരമായാൽ പോലും ദീർഘകാലംകഴിഞ്ഞ് അവകാശപ്പെടുന്ന ആവശ്യം അനുവദിക്കുവാൻ കഴിയുന്നതല്ല. കാരണം ബഹു: സുപ്രീം കോടതിയുടെ 2010(1)KLTSN (SC) കേസിന്റെ വിധിന്യായത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. "Once seniority has been fixed and it remains in existence for a reasonable period, any change to the same should not be entertained" 2009(4) KLT20(FB) പവിത്രൻ ഉം സംസ്ഥാന സർക്കാർ കേസിൽ ബഹു: കോടതി വ്യക്തമാക്കിയതിങ്ങനെ: Settled Seniority cannot be unsettled after the affected party sleeps over his right. Whenever an adverse order is passed against a person, unless it is challenged before the appropriate forum

within the prescribed time limit, said order becomes final and person affected by it will be bound by it. A person who enjoyed seniority position for quite some time is entitled to sit back. A person who has slept over his right, cannot make up a stale claim and tinker with seniority later. ഇതു കൂടാതെ ബഹു:സുപ്രീം കോടതി 2018 (3)SCC 391 പ്രകാരം റിപ്പോർട്ട് ചെയ്ത കേസിൽ "It would be manifestly unfair to unsettle the inter-seniority after a long lapse of time."

മുകളിൽ ചേർത്ത് സിറ്റ് ബാക്ക് തിയറിയും ബഹു: കോടതി വിധിന്യായങ്ങളും ഉയർത്തിപ്പിടിച്ചാണ് മലപ്പുറം താഴെക്കാട് പി.റ്റി.എം. എച്ച്.എസ്.എസ്. ലെ മലയാളം എച്ച്.എസ്.റ്റി. ആയി ശ്രീ.സുബൈർ സമർപ്പിച്ച റിവിഷൻ ഹർജി പൊതു വിദ്യാഭ്യാസ ഡയറക്ടറും സർക്കാരും നിരസിച്ചത്. സർക്കാരിന്റെ നിരീക്ഷണം തന്നെ ഇങ്ങനെയായിരുന്നു. ശ്രീ.സുബൈർ നെ 02/06/2004 മുതലും ശ്രീ.മനോജിനെ 15/07/2004 മുതലുമായിരുന്നു എച്ച്.എസ്.റ്റി. മലയാളം ആയി സ്ഥാനകയറ്റം നല്കേണ്ടിയിരുന്നത്. നിയമനാംഗീകാരം നല്കിയതിൽ അപാകതയുണ്ടായി. അത് ചൂണ്ടികാട്ടി പരിഹരിക്കുന്നതിന് അവസരങ്ങളുണ്ടായിരുന്നു. അവയൊന്നും ഉപയോഗപ്പെടുത്താതെ 15 വർഷങ്ങൾക്ക് ശേഷം നല്കുന്ന അപേക്ഷയുടെ അടിസ്ഥാനത്തിൽ വിഷയം പുനഃപരിശോധിക്കുന്നത് ഇക്കാര്യത്തിൽ നിലനില്ക്കുന്ന കീഴ്വഴക്കങ്ങൾക്കും കോടതി വിധികൾക്കുമെതിരാകും. അതിനാൽ റിവിഷൻ ഹർജി നിരസിക്കുന്നു. ഈ വിഷയത്തിലുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 08/09/2019 ലെ എഫ്4/5283/2019/ഡിജിഇ ഉത്തരവ്, സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(സാധാ)നം.769/2020/പൊ.വി.വ. തീയതി 14/02/2020 എന്നിവ ആണ്.

ബഹു: സുപ്രീം കോടതി അംഗീകരിച്ചതും കീഴ്വഴക്കമായി സ്വീകരിച്ചിട്ടുള്ളതുമായ സിറ്റ് ബാക്ക് തിയറിക്ക് വിരുദ്ധമായിട്ടാണ് ശ്രീമതി അഞ്ജു എൻ. പിള്ളയും ശ്രീ.ജിഷ്ണു രാജ് പി. യും പരാതികൾ സമർപ്പിച്ചിട്ടുള്ളത്. 03/09/2019 മുതൽ പരാതിക്കാരുടെ നിയമനം അംഗീകരിച്ചതിലും 06/06/2019 മുതൽ ശ്രീമതി ഐശ്വര്യയുടെ യു.പി.എസ്.റ്റി നിയമനം അംഗീകരിച്ചതിനുമെതിരെ കഴിഞ്ഞ 6 വർഷമായി ഒരു പരാതിയും ഉന്നയിക്കാതെ ശ്രീമതി ഐശ്വര്യയുടെ സെറ്റിൽഡ് സീനിയോറിറ്റിയെ അൺ സെറ്റിൽഡ് ആക്കുവാൻ നിലവിലുള്ള ചട്ടങ്ങളോ, കീഴ്വഴക്കങ്ങളോ ബഹു: കോടതി വിധികളോ അനുവദിക്കുന്നില്ല. കൂടാതെ പരാതിക്കാർ ഉന്നയിക്കുന്ന ആവശ്യം അവരുടെ നിയമന തീയതിക്കു മുമ്പ് വള്ളംകുളം നാഷണൽ ഹൈസ്കൂളിലോ മറ്റേതെങ്കിലും എയ്ഡഡ് സ്കൂളിലോ അംഗീകൃത സർവ്വീസ് ഉണ്ടായിരുന്നില്ല. ഇതിന് പുറമേ നിയമന തീയതിയുടെ അടിസ്ഥാനത്തിൽ സീനിയോറിറ്റി നിശ്ചയിക്കുന്ന വ്യവസ്ഥ കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഇല്ല. പകരം നിയമനം അംഗീകരിക്കുന്ന തീയതി മുതൽ മാത്രമേ സീനിയോറിറ്റി നിശ്ചയിക്കുവാൻ വ്യവസ്ഥയുള്ളൂ. ആയതിനാൽ പത്തനംതിട്ട വിദ്യാഭ്യാസ ഡയറക്ടറുടെ 25/06/2025-ലെ DDEPTA/993/2025-B3/L.Dis നമ്പർ കത്ത്, തിരുവല്ല ജില്ല വിദ്യാഭ്യാസ ഓഫീസറുടെ 04/11/2024-ലെ DEOTVL/2716/2024-B2 നമ്പർ കത്ത് പ്രകാരമുള്ള നിയമന തീയതിയുടെ ക്രമത്തിൽ അദ്ധ്യാപകരെ പുനഃക്രമീകരിക്കണമെന്ന നിർദ്ദേശം റദ്ദ് ചെയ്ത് ശ്രീമതി ഐശ്വര്യയുടെ 06/06/2019 മുതൽ അംഗീകരിച്ച യു.പി.എസ്.റ്റി. നിയമനം നിലനിർത്തി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു."

3. <u>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ചുവടെപ്പറയും പ്രകാരമാണ്.</u>

"വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ 2018-2019 തസ്തിക നിർണ്ണയം നടത്തിയപ്പോൾ

വകുപ്പിന്റെ അനുമതിയില്ലാതെ പണിത കെട്ടിടങ്ങളെ അക്കോമഡേഷനിൽ പരിഗണിക്കാത്തത് കൊണ്ട് അധിക തസ്തികകൾ സ്കൂളിൽ അനുവദിച്ചു നൽകിയിരുന്നില്ല. ഇതിനെതിരെ വിദ്യാഭ്യാസ ഓഫീസുകളിൽ നൽകിയ അപ്പീലുകൾ നിരസിച്ച സാഹചര്യത്തിൽ സ്കൂൾ മാനേജർ സർക്കാരിന് റിവിഷൻ ഹർജി സമർപ്പിക്കുകയും ആയതിന്മേൽ സർക്കാർ കത്ത് നം.എ2/30/2021/പൊ.വി.വ തീയതി 30.12.2021 പ്രകാരം 2018-19 വർഷത്തെ തസ്തിക പുനർനിർണ്ണയിച്ച് നൽകാൻ നിർദേശം ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് നം.ബി2/4975/2021 തീയതി 05.07.2022 പ്രകാരം 2018-19 വർഷത്തെ തസ്തിക നിർണ്ണയം പുനർനിർണ്ണയിച്ച് നൽകുകയും ചെയ്തിരുന്നു. 2018-19 വർഷം തസ്തിക നിർണ്ണയം പുനഃക്രമീകരിക്കുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ള 28.08.2022 തീയതിയിലെ സർക്കാർ കത്ത് നം.എ2/151/2021/പൊ.വി.വ പ്രകാരം ടി സ്കൂളിന് 03/09/2019 ന് ലഭ്യമായിട്ടുള്ള ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതിന് നിർദേശം നൽകിയിരുന്നു. അപ്രകാരം പുനഃക്രമികരിച്ച ഉത്തരവ് 03/09/2019 തീയതി മുതൽ പ്രാബല്യം ഉണ്ടാവുകയുള്ളൂ. ആയതിനാൽ ടി സ്കൂളിൽ 2018-19 വർഷം ഉണ്ടാവുന്ന അധിക തസ്തികകളും 03/09/2019 തീയതി മുതൽ മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ.

മേൽ വിവരിച്ച കാരണത്താൽ തന്നെ 2019-20 വർഷത്തെ തസ്തിക നിർണ്ണയവും പൊതുവിദ്യാഭ്യാസ (എ) വകുപ്പ് കത്ത് നമ്പർ.എ2/65/2022/പൊ.വി.വ 23.08.2022, 31.07.2024, 26.08.2022 തീയതികളിലെ ഈ കാര്യാലയത്തിലെ കത്ത് നമ്പർ.ആർഎ4/7995/2022/ഡി.ജി.ഇ എന്നിവയുടെ അടിസ്ഥാനത്തിൽ ഉത്തരവ് നമ്പർ B2/47470/2019 തീയതി 04/08/2024 പ്രകാരം പുനഃനിർണ്ണയിച്ചു നൽകിയിരുന്നു. 2019-20 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പുനഃക്രമീകരിച്ചു നൽകുമ്പോൾ എട്ടാം ക്ലാസ്സിൽ ഒരു ഡിവിഷൻ താൽകാലികമായി അനുവദിക്കുകയും ആയതിന് ആനുപാതികമായി കോർ വിഷയത്തിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തികയും താത്ക്കാലികമായി അനുവദിക്കുകയും ചെയ്തു. മേൽ അധിക ഡിവിഷനും തസ്തികയും പുതിയതായി പണികഴിപ്പിച്ച കെട്ടിടങ്ങളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമായ 03/09/2019 തീയതി മുതൽ പ്രാബല്യം ഉണ്ടാവുകയുള്ളൂ.

ആയതിനാൽ നാഷണൽ ഹൈസ്കൂളിലെ യു.പി.എസ്.റ്റി കാറ്റഗറിയിൽ 01/06/2018 ൽ ജോലിയിൽ പ്രവേശിച്ചവരിൽ ശ്രീമതി അഞ്ചു എൻ.പിള്ള, ശ്രീ. ജിഷ്ണുരാജ് പി. എന്നിവരുടെ നിയമനങ്ങൾക്ക് 03/09/2019 മുതലാണ് അംഗീകാരം നൽകിയിട്ടുള്ളത്.

എന്നാൽ 01/06/2018 ൽ എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്) അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി ശാരി എസ്.-ന്റെ നിയമനം 15/07/2018 പ്രാബല്യത്തിലും, 01/06/2018 ൽ യു.പി.എസ്.ടി. അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി മായാദേവി ജി.എൻ. ന്റെ നിയമനം 15/07/2018 പ്രാബല്യത്തിലും, 06/06/2019 ൽ നിയമിക്കപ്പെട്ട ശ്രീമതി ഐശ്വര്യ നായർ-ുടെ നിയമനം 06/06/2019 പ്രാബല്യത്തിലും അംഗീകരിക്കപ്പെട്ടതായി കാണുന്നു. Individual സ്കൂളുകളിലെ നിയമനം ജോലിയിൽ പ്രവേശിച്ച തീയതിക്ക് അനുസരിച്ച് ക്രമത്തിലാണ് അംഗീകാരം നൽകേണ്ടത്. എന്നാൽ 2018 അധ്യയന വർഷം നിയമിക്കപെട്ട അധ്യാപകർക്ക് നിയമനാംഗീകാരം അനുവദിക്കാതെ 2019 അധ്യയന വർഷം നിയമിക്കപ്പെട്ട അധ്യാപകർക്ക് നിയമനാംഗീകാരം നൽകിയത് വഴി വള്ളംകുളം നാഷണൽ ഹൈസ്കൂളിലെ അധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് അപാകത വന്നിട്ടുള്ളതായി കാണുന്നു. കൂടാതെ 2018 മുതൽ നിയമിക്കപ്പെട്ടവരുടെ നിയമനം ഭിന്നശേഷിക്കു വിധേയമായി താൽക്കാലികമായാണ് അംഗീകരിച്ചിട്ടുള്ളത്.

ആയതിനാൽ ഇത് സംബന്ധിച്ച് ആക്ഷേപങ്ങൾ അടിയന്തിരമായി

പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മാനേജർക്കും ഹെഡ്മാസ്റ്റർക്കും തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ നിന്നും 04/11/2024 തീയതിയിലെ DEOTVL/2716/2024-B2 കത്ത് മുഖേന നിർദ്ദേശം നൽകിയിരുന്നു.

മേൽ പരാമർശിത വിഷയങ്ങൾ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 04/03/2025 തീയതിയിലെ DEOTVL/2716/2024-B2 നമ്പർ കത്ത് പ്രകാരം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറെ മേൽ വിഷയത്തിൽ ആവശ്യമായ പരിശോധന നടത്തി തുടർനിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുകയുണ്ടായി. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25/06/2025 തീയതിയിലെ DDEPTA/993/2025-B3/L.Dis നമ്പർ കത്ത് പ്രകാരം 2018 ൽ നിയമനം ലഭിച്ച അദ്ധ്യാപകരുടെ നിയമനങ്ങൾ ഫിറ്റ്നസ് ലഭിച്ച 03/09/2019 മുതൽ മാത്രമാണ് അംഗീകരിച്ച് നൽകിയിരിക്കുന്നത്. ശ്രീമതി ഐശ്വര്യ നായരുടെ നിയമനവും തസ്തിക നിർണ്ണയം പ്രാബല്യത്തിൽ വന്ന 03/09/2019 തീയതി പ്രാബല്യ തീയതി മുതൽ മാത്രം അനുവദിക്കേണ്ടതായി കാണുന്നു. 06/06/2019 ൽ നിയമിതയായ, യു.പി.എസ്.ടി ശ്രീമതി ഐശ്വര്യ നായരുടെ നിയമനം സീനിയോറിറ്റി പരിഗണിക്കാതെ 06/06/2019 മുതൽ അംഗീകരിച്ച് നല്കി എന്ന് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ടി നിയമന അംഗീകാരം റദ്ദ ചെയ്യുന്നതിനും അടിയന്തിരമായി കെ.ഇ.ആർ അധ്യായം 14എ ചട്ടം 8എ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കുന്നതിന് നിർദേശം നൽകുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ കാര്യാലയത്തിലേക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷ ഈ കാര്യാലയത്തിൽ പരിശോധിച്ച് വരുന്നതിനിടയിലാണ് ശ്രീമതി ഐശ്വര്യ നായർ ഫയൽ ചെയ്ത WP(C)35084/2025 റിട്ട് ഹർജിയിന്മേൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ശ്രീമതി ഐശ്വര്യ നായരുടെ നിയമനാംഗീകാരം റദ്ദ ചെയ്യുന്നതും റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച നിർദേശങ്ങൾ നടപ്പാക്കുന്നത് താൽക്കാലികമായി നിർത്തിവെക്കാൻ നിർദേശം ലഭിച്ചത്.

നാഷണൽ ഹൈസ്കൂൾ വള്ളംകുളത്തെ യു.പി.എസ്.ടി. മാരായ ശ്രീമതി അഞ്ജു എൻ. പിള്ള, ശ്രീ. ജിഷ്ണുരാജ് പി. എന്നിവർ തങ്ങളുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ച് ലഭിക്കുന്നതിനായി ഫയൽ ചെയ്ത WP(C)32378/2025 റിട്ട് ഹർജിയിമേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ശ്രീമതി ഐശ്വര്യ നായർക്ക് എച്ച്.എസ്.റ്റി. ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് നിർത്തിവെയ്ക്കാൻ മാനേജരോട് ബഹുമനപ്പെട്ട കോടതി നിർദേശിച്ചിട്ടുണ്ട് എന്ന വിവരം കൂടി അറിയിക്കുന്നു."

4. സർക്കാർ ഈ വിഷയം ലഭ്യമായ റിപ്പോർട്ടുകളുടെയും നിലവിലെ ചട്ടങ്ങളുടെയും ഹിയറിംഗിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വള്ളംകുളം നാഷണൽ ഹൈസ്കൂളിൽ 2018-2019 വർഷം തസ്തിക നിർണയം നടത്തിയപ്പോൾ വകുപ്പിന്റെ അനുമതിയില്ലാതെ പണിത കെട്ടിടങ്ങളെ അക്കോമഡേഷനിൽ പരിഗണിക്കാത്തത് കൊണ്ട് അധിക തസ്തികകൾ സ്കൂളിൽ അനുവദിച്ചു നൽകിയിരുന്നില്ല. ഇതിനെതിരെ നൽകിയ അപ്പീലുകൾ പരിഗണിച്ച് ടി സ്കൂളിന് 03/09/2019 പ്രാബല്യത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ട് അധിക ഡിവിഷനുകളും എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്), എച്ച്.എസ്.ടി (സോഷ്യൽ സയൻസ്), എച്ച്.എസ്.ടി (മലയാളം), എച്ച്.എസ്.ടി (സംസ്കൃതം) എന്നിങ്ങനെ നാല് അധിക തസ്തികകളും അനുവദിച്ചു നൽകുകയുണ്ടായി.

5.പുതിയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച 03/09/2019 തീയതി പ്രാബല്യത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ രണ്ട് അധിക ഡിവിഷനുകളും എച്ച്.എസ്.ടി (ഫിസിക്കൽ സയൻസ്), എച്ച്.എസ്.ടി (സോഷ്യൽ സയൻസ്), എച്ച്.എസ്.ടി (മലയാളം), എച്ച്.എസ്.ടി (സംസ്കൃതം) എന്നിങ്ങനെ നാല് അധിക തസ്തികകളും അനുവദിച്ച പ്രകാരം സീനിയർ യു.പി.എസ്.ടി മാരായ ശ്രീമതി അപർണ പി., ശ്രീമതി സന്ധ്യ കെ.എസ്. എന്നിവരുടെ നിയമനം പുതിയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ച 03/09/2019 പ്രാബല്യത്തിൽ അംഗീകരിച്ചപ്പോൾ പരിണിത ഒഴിവുകളിൽ നിയമിച്ച ശ്രീമതി അഞ്ചു എൻ.പിള്ള, ശ്രീമതി ജിഷ്ണുരാജ് പി, എന്നിവരുടെ നിയമനവും 03/09/2019 പ്രാബല്യത്തിലാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ ശ്രീമതി ഉഷാകുമാരി 31/03/2019 ൽ വിരമിച്ച ഒഴിവിലേക്ക് ശ്രീമതി ഐശ്വര്യ നായരെ മാനേജർ നിയമിക്കുകയും ടി നിയമനം 06/06/2019 പ്രാബല്യത്തിൽ അംഗീകരിച്ച നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീമതി ഐശ്വര്യ നായരുടെ നിയമനവും തസ്തികനിർണയം പ്രാബല്യത്തിൽ വന്ന 03/09/2019 തീയതി മുതൽ അനുവദിക്കേണ്ടതായിരുന്നു. യു.പി.എസ്.ടി അധിക തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി മായാദേവി ജി.എൻ. ന്റെ നിയമനം 15/07/2018 പ്രാബല്യത്തിലും 06/06/2019 ൽ നിയമിക്കപ്പെട്ട ശ്രീമതി ഐശ്വര്യ നായരുടെ നിയമനം 06/06/2019 പ്രാബല്യത്തിലും അംഗീകരിക്കപ്പെട്ടത് ക്രമപ്രകാരമല്ല എന്ന് കണ്ടു കെ.ഇ.ആർ. അദ്ധ്യായം 14 ചട്ടം 8 പ്രകാരം നിയമനം റദ്ദ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരവേ ശ്രീമതി ഐശ്വര്യ നായർ ഫയൽ ചെയ്ത ഡബ്ല്യുപി(സി)35084/2025 ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ശ്രീമതി ഐശ്വര്യ നായരുടെ നിയമന അംഗീകാരം താൽക്കാലികമായി നിർത്തിവയ്ക്കാൻ ഉത്തരവായി. നാഷണൽ ഹൈസ്കൂൾ വള്ളംകുളത്തെ യു.പി.എസ്.റ്റി. മാരായ ശ്രീമതി അഞ്ചു എൻ.പിള്ള ശ്രീ. ജിഷ്ണുരാജ് പി. എന്നിവർ തങ്ങളുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചു ലഭിക്കുന്നതും ആയി ബന്ധപ്പെട്ട് ഫയൽ ചെയ്ത ഡബ്ല്യുപി(സി)32378/2025 റിട്ട് ഹർജിയിന്മേൽ ബഹുഃഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ശ്രീമതി ഐശ്വര്യ നായർക്ക് ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് നിർത്തിവയ്ക്കാനും നിർദ്ദേശിച്ചിട്ടുണ്ട്.

6. പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25/06/2025 തീയതിയിലെ DDEPTA/993/2025-B3/L.Dis നം. ഉത്തരവും, തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 04/11/2024 തീയതിയിലെ DEOTVL/2716/2024-B2 നം. ഉത്തരവും, റദ്ദ് ചെയ്ത്, 06/06/2019 മുതൽ അംഗീകരിച്ച ശ്രീമതി. ഐശ്വര്യ നായരുടെ യു.പി.എസ്.റ്റി. നിയമനം നിലനിർത്തി ഉത്തരവാകണമെന്ന ആവശ്യമാണ് മാനേജർ ഉന്നയിച്ചിരിക്കുന്നത്. ശ്രീമതി ഐശ്വര്യ നായർ ഫയൽ ചെയ്ത WP(C)No.35084/2025 ന്മേൽ ഹൈക്കോടതി പുറപ്പെടുവിച്ച 23/09/2025 തീയതിയിലെ ഇടക്കാല ഉത്തരവിൽ Ext. P10, Ext. P11 എന്നിവ മരവിപ്പിച്ച് കോടതി ഉത്തരവായിട്ടുണ്ട്. ഈ കേസിലെ Ext. P11 എന്നത് തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 12/09/2025 തീയതിയിലെ DEOTVL/2716/2024-B2 നം. ഉത്തരവും, Ext. P10 എന്നത് പത്തനംതിട്ട വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25/06/2025 തീയതിയിലെ DDEPTA/993/2025-B3/L.Dis നം. ഉത്തരവുമാണ്.

7.മേൽ വിഷയത്തിൽ ശ്രീമതി ഐശ്വര്യ നായർ ഫയൽ ചെയ്ത WP(C)No.35084/2025 ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ശ്രീമതി ഐശ്വര്യ നായരുടെ നിയമനാംഗീകാരം റദ്ദു ചെയ്യുന്നതും റിവൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച

നിർദേശങ്ങൾ താൽക്കാലികമായി നിർത്തി വെക്കാൻ ബഹു. കോടതി ഉത്തരവായിട്ടുള്ള സാഹചര്യത്തിലും, നാഷണൽ ഹൈസ്കൂൾ വള്ളംകുളത്തെ യു.പി.എസ്.ടി. മാരായ ശ്രീമതി. അഞ്ജു എൻ. പിള്ള, ശ്രീ. ജിഷ്ണുരാജ് പി. എന്നിവർ തങ്ങളുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചു ലഭിക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള WP(C)No.32378/2025 ന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ശ്രീമതി ഐശ്വര്യ നായർക്ക് HST ഫിസിക്കൽ സയൻസ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുന്നത് നിർത്തിവെയ്ക്കാൻ ബഹു. കോടതി നിർദേശിച്ചിട്ടുള്ള സാഹചര്യത്തിലും, പ്രസ്തുത കേസുകളിൽ കോടതിയുടെ അന്തിമവിധി വരുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടി തുടരേണ്ടതുള്ളൂ.

8.മേൽ സാഹചര്യത്തിൽ പ്രസ്തുത കേസുകളിൽ കോടതിയുടെ അന്തിമവിധി വരുന്ന മുറയ്ക്ക് ടി വിഷയവുമായി ബന്ധപ്പെട്ട തുടർനടപടി സ്വീകരിക്കുവാൻ തിരുവല്ല ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

9.മേൽപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

മാനേജർ, നാഷണൽ ഹൈസ്കൂൾ വള്ളംകുളം, പത്തനംതിട്ട.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-695 014.
വിദ്യാഭ്യാസ ഉപഡയറക്ടർ, പത്തനംതിട്ട.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തിരുവല്ല.
പൊതുവിദ്യാഭ്യാസ (ജെ.എ) വകുപ്പ്.(30.03.2026 ലെ GE-JA1/53/2026-G.EDN പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വെബ് ആന്റ് ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
നോഡൽ ഓഫീസർ, കൈറ്റ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി. (എ2/154/2025/പൊവിവ)

ഉത്തരവിൻ പ്രകാരം

Signed by
Abeeja Raj B
Date: 06-06-2026 09:49:13
സെക്ഷൻ ഓഫീസർ